ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി,
തിരുവനന്തപുരം

TIME: 06.30 PM DATE:22.06.2026

## പ്രധാന വാർത്ത

1. രാഷ്ട്രപതി ദ്രൗപദി മുർമു പത്മ പുരസ്കാരങ്ങൾ നാളെ ന്യൂഡൽഹിയിൽ സമ്മാനിക്കും. 65 പേർ കൂടി പുരസ്ക്കാരം ഏറ്റുവാങ്ങും.
2. സംസ്ഥാനത്ത് പുതുക്കിയ ബജറ്റിന്മേലുള്ള പൊതു ചർച്ചയ്ക്ക് നിയമസഭയിൽ തുടക്കമായി. പകർച്ചവ്യാധി പ്രതിരോധ വിഷയത്തിൽ പ്രതിപക്ഷ വാക്കൗട്ട്.
3. കായിക - ഫിറ്റ്നസ് സംരംഭങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ നാളെ തിരുവനന്തപുരത്ത് എത്തും.
4. സംസ്ഥാനത്ത് ശനി, ഞായർ ദിവസങ്ങളിലെ വൈദ്യുതി നിയന്ത്രണം ഒഴിവാക്കിയതായി കെ എസ് ഇ ബി.
5. കേരളത്തിൽ വരും ദിവസങ്ങളിൽ മഴ ശക്തി പ്രാപിക്കും.
   8 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. മത്സ്യ ബന്ധനത്തിന് വിലക്ക്.

RNU TVPM

**6. ലോക കപ്പ് ഫുട്ബോളിൽ ഇന്ന് അർജന്റീന - ഓസ്ട്രിയ പോരാട്ടം.**

**&&&&&&&&&&&&&&&&&&**

**<u>പത്മ പുരസ്കാരം</u>**

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു നാളെ സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ നടക്കുന്ന ചടങ്ങിൽ പുരസ്കാരങ്ങൾ വിതരണം ചെയ്യും. നടൻ മമ്മൂട്ടി, മോഹിനിയാട്ടം നർത്തകി കലാമണ്ഡലം വിമല മേനോൻ, മുതിർന്ന മാധ്യമ പ്രവർത്തകൻ പി നാരായണൻ ഉൾപ്പെടെയുള്ളവർ പുരസ്ക്കാര ജേതാക്കളിൽ ഉൾപ്പെടുന്നു.

**&&&&&&&&&&&&&&&&&&**

**<u>നിയമസഭ (ഇൻട്രോ)</u>**

2026-27 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റിനെക്കുറിച്ചുള്ള പൊതു ചർച്ചയ്ക്ക് നിയമസഭയിൽ ഇന്ന് തുടക്കമായി. **വിശദാംശങ്ങളിലേക്ക്......**
**(വോയിസ്)**

**&&&&&&&&&&&&&&&&&&**

**<u>നിയമസഭ (വോയ്സ്)</u>**

ബജറ്റിന്മേലുള്ള ചർച്ചയുടെ ആദ്യ ദിവസം പ്രതിപക്ഷ വാക്കൗട്ടിന് സഭ സാക്ഷ്യം വഹിച്ചു. സംസ്ഥാനത്തെ പകർച്ചവ്യാധി സംബന്ധിച്ച സാഹചര്യം സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്ന

RNUTVPM

പ്രതിപക്ഷത്തിന്റെ അടിയന്തര പ്രമേയ നോട്ടീസിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ചാണ് പ്രതിപക്ഷം വാക്കൗട്ട് നടത്തിയത്. പകർച്ചവ്യാധി തടയാൻ സ്വീകരിക്കേണ്ട നടപടികൾക്ക് സർക്കാരുമായി സഹകരിക്കാൻ പ്രതിപക്ഷം തയ്യാറാണെന്ന് അടിയന്തര പ്രമേയ നോട്ടീസ് നൽകിയ മുഹമ്മദ് റിയാസ് പറഞ്ഞു. രോഗപ്രതിരോധ പ്രവർത്തനങ്ങൾ മികച്ച രീതിയിലാണ് മുന്നോട്ട് പോകുന്നതതെന്ന് മന്ത്രി കെ മുരളീധരൻ മറുപടി നൽകി. മന്ത്രിയുടെ മറുപടിയെ തുടർന്ന് സ്പീക്കർ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു. ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങി പോകുകയായിരുന്നു. തുടർന്ന് സ്പീക്കർ മറ്റ് സഭാ നടപടികളിലേക്ക് കടന്നു. സഭ ഇന്നത്തേക്ക് പിരിഞ്ഞു. ഈ മാസം 24 വരെയാണ് ബജറ്റിൻമേൽ പൊതു ചർച്ച നടക്കുന്നത്. അടുത്ത മാസം ഒന്നിന് ധനവിനിയോഗ ബിൽ പാസ്സാക്കിയ ശേഷം പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം അവസാനിക്കും.

**ന്യൂസ് ഡെസ്ക്, ആകാശവാണി.**

&&&&&&&&&&&&&&&&&&

## ചോദ്യോത്തരവേള

സാമൂഹ്യ സുരക്ഷാ ക്ഷേമ പെൻഷൻ 3,000 രൂപയാക്കുന്നത് സംബന്ധിച്ച് എത്രയും വേഗം

RRU TVPM

തീരുമാനമെടുക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. ക്ഷേമ പെൻഷൻ വീടുകളിൽ എത്തിക്കുന്നത് തുടരും. ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ സ്വകാര്യ - സർക്കാർ ആശുപത്രികളും പങ്കാളികളാകുമെന്നും അദ്ദേഹം നിയമസഭയിൽ ചോദ്യോത്തര വേളയിൽ അറിയിച്ചു.

**&&&&&&&&&&&&&&&&&&**

**മന്ത്രി കെ.എം. ഷാജി -നിയമസഭ**

കൊച്ചിയിലെ തേവര പേരണ്ടൂർ കനാൽ തീരത്തെ പി ആൻഡ് ടി കോളനി നിവാസികളുടെ പുനരധിവാസത്തിനായി മുണ്ടംവേലിയിൽ ലൈഫ് മിഷൻ പദ്ധതിയിൽ നിർമിച്ച ഫ്ലാറ്റ് സമുച്ചയം വാസയോഗ്യമല്ലെന്ന് ഐഐടി മദ്രാസിന്റെ റിപ്പോർട്ടിലില്ലെന്ന് മന്ത്രി കെ. എം ഷാജി നിയമസഭയെ അറിയിച്ചു. മഴക്കാലത്ത് ചോർച്ചയും മറ്റ് തകരാറുകളും റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ഐഐടി മദ്രാസിനെ പരിശോധനയ്ക്കായി ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

**&&&&&&&&&&&&&&&&&&**

**ലഹരി- രാജീവ് ചന്ദ്രശേഖർ**

കേരളത്തെ ലഹരിമുക്തമാക്കണമെങ്കിൽ ലഹരി ഉപയോഗത്തിന് പ്രോത്സാഹനം നൽകുന്ന നയങ്ങളിൽ നിന്ന് സർക്കാർ പിന്തിരിയ

RNU TVPM

ണമെന്ന് രാജീവ് ചന്ദ്രശേഖർ എം എൽ എ. വീര്യം കുറഞ്ഞ മദ്യത്തിന്റെ നികുതി കുറയ്ക്കാനുള്ള സർക്കാർ തീരുമാനം യുവാക്കളെ ലഹരിയിലേക്ക് തള്ളിവിടുന്ന നടപടിയാണെന്നും അദ്ദേഹം പറഞ്ഞു.

**&&&&&&&&&&&&&&&&&&**

## ഫൺ റൺ - മൻസുഖ് മാണ്ഡവ്യ

കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ നാളെ തിരുവനന്തപുരത്ത് എത്തും. ചാക്ക ഐ.ടി.ഐ മുതൽ ശംഖുമുഖം ബീച്ച് വരെയുള്ള 'സൈക്ലിംഗ് ബൈ ദ സീ'-യിൽ അദ്ദേഹം പങ്കെടുക്കും. മൈലത്തെ ജി.വി. രാജാ സ്പോർട്സ് സ്കൂളും ശ്രീ.മാണ്ഡവ്യ സന്ദർശിക്കും. തുടർന്ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടക്കുന്ന ഐച്ചി-നഗോയ ഏഷ്യൻ ഗെയിംസ് ഫൺ റൺ' പരിപാടിയിൽ കേന്ദ്രമന്ത്രി പങ്കെടുക്കും.

RNU TVPM

**&&&&&&&&&&&&&&&&&&**

## റിസർവ്വ് ബാങ്ക് ഗവർണർ

രാജ്യത്ത് എം.എസ്.എം.ഇകളുടെ സ്വാധീനം ഏറെ വലുതാണെന്ന് റിസർവ്വ് ബാങ്ക് ഗവർണർ സഞ്ജയ് മൽഹോത്ര. അന്താരാഷ്ട്ര എം.എസ്.എം.ഇ ദിനത്തോടനുബന്ധിച്ച് ആർ.ബി.ഐ തിരുവനന്തപുരം റീജിയണൽ ഓഫീസ് എം.എസ്.എം.ഇ സംരംഭകർക്കായി കൊച്ചിയിൽ നടത്തിയ ബോധവൽക്കരണ ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു

അദ്ദേഹം. എം.എസ്.എം.ഇകൾ ഉയർന്ന വരുമാനം മാത്രമല്ല, നിരവധി തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നുണ്ടെന്നും ശ്രീ സഞ്ജയ് മൽഹോത്ര പറഞ്ഞു.

**&&&&&&&&&&&&&&&&&&**

**<u>വൈദ്യുതി നിയന്ത്രണം ഒഴിവാക്കി</u>**

ശനി, □ ായർ ദിവസങ്ങളിൽ സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം ഒഴിവാക്കിയതായി കെ എസ് ഇ ബി.

തമിഴ്നാട്, കർണാടക തുടങ്ങിയ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് അധിക വൈദ്യതി ലഭ്യമായതിനെ തുടർന്നാണ് തീരുമാനം.
അണക്കെട്ടുകളിൽ വെള്ളത്തിന്റെ അളവ് കുറഞ്ഞതും ദേശീയതലത്തിലുള്ള വൈദ്യുതി ലഭ്യത കുറഞ്ഞതും കാരണം വൈദ്യതി പ്രതിസന്ധി നിലനിൽക്കുന്നതായി KSEB അറിയിച്ചു .

RIU TVPM

**&&&&&&&&&&&&&&&&&&**

**<u>മഴ</u>**

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എട്ടു ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം. കേരളം - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് ഇന്ന് വിലക്ക് ഏർപ്പെടുത്തി.

**&&&&&&&&&&&&&&&&&&**

**ഷിഗെല്ല + നിപ**

കോഴിക്കോട് ജില്ലയിൽ നിപ രോഗപ്രതിരോധ പ്രവർത്തനങ്ങൾ പൂർണ വിജയത്തിലേക്ക് എത്തുകയാണെന്ന് ആരോഗ്യ മന്ത്രി കെ. മുരളീധരൻ. കൂട്ടായ പ്രവർത്തനത്തിന്റെ വിജയമാണിതെന്നും അദ്ദേഹം പറഞ്ഞു. അതെസമയം, സംസ്ഥാനത്ത് ഇന്ന് 10 പേർക്ക് ഷിഗെല്ല സ്ഥിരീകരിച്ചു. കോഴിക്കോട്-7, വയനാട്, എറണാകുളം, മലപ്പുറം ജില്ലകളിൽ ഒന്ന് വീതവുമാണ് രോഗബാധ റിപ്പോർട്ട് ചെയ്തത്.

&&&&&&&&&&&&&&&&&&

**ക്രിക്കറ്റ് കോച്ചിംഗ് - കോടതി**

ക്രിക്കറ്റ് പരിശീലനത്തിന് എത്തിയ വിദ്യാർത്ഥിനിയെ പീഡിപ്പിച്ച കേസിൽ പരിശീലകനായ പ്രതി മനു എം രണ്ടാമത്തെ കേസിലും കുറ്റക്കാരൻ എന്ന് തിരുവനന്തപുരം അതിവേഗ പ്രത്യേക കോടതി കണ്ടെത്തി. ശിക്ഷ നാളെ പ്രസ്താവിക്കും. പ്രതിക്കെതിരെ ആറ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**കൊച്ചി അംഗനവാടി - ബിന്ദു കൃഷ്ണ**

കൊച്ചിയിലെ അംഗനവാടിയിൽ മൂന്നര വയസുകാരി ലൈംഗികാതിക്രമത്തിന് ഇരയായ സംഭവത്തിൽ അംഗനവാടിയിലെ വർക്കറെ അടിയന്തരമായി

RNU IVPM

സർവീസിൽ നിന്ന് നീക്കം ചെയ്യാൻ മന്ത്രി ബിന്ദു കൃഷ്ണ നിർദേശം നൽകി. അംഗനവാടിയിൽ പുറത്ത് നിന്നുള്ള ആരേയും പ്രവേശിപ്പിക്കരുതെന്ന സർക്കാർ നിർദേശം പാലിക്കാത്തതിനാണ് നടപടി.

&&&&&&&&&&&&&&&&&&

## ശ്രീരാഗ സന്ധ്യ

പ്രശസ്ത സംഗീതജ്ഞൻ ആലപ്പുഴ കെ എസ് ശ്രീകുമാറിന്റെ അനുസ്മരണ പരിപാടികൾ തിരുവനന്തപുരത്ത് നടന്നു. സ്വാതി തിരുന്നാൾ സംഗീത കോളേജിൽ നടന്ന പരിപാടിയിൽ മന്ത്രിമാർ , സാംസ്കാരിക പ്രവർത്തകർ ഉൾപ്പെടെയുള്ളവർ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

KNU TVPM

## ഫിഫ ലോകകപ്പ് ഫുട്ബോൾ (ഇൻട്രോ)

ലോകകപ്പിൽ ചുടർച്ചയായ രണ്ടാം ജയം തേടി നിലവിലെ ചാമ്പ്യൻമാരായ അർജന്റീന ഇന്ന് രാത്രി ഓസ്ട്രിയയെ നേരിടുമ്പോൾ, ഇതിഹാസ താരം മെസ്സിയായിരിക്കും ശ്രദ്ധാ കേന്ദ്രം. ലോകകപ്പിലെ ഏറ്റവും കൂടുതൽ ഗോൾ റെക്കോർഡ് കുറിക്കുന്നത് കാണാൻ കാത്തിരിക്കുകയാണ് കാൽപ്പന്ത് ആരാധകർ. **ആകാശവാണിയ്ക്കുവേണ്ടി സുരേഷ്ബാബു തയ്യാറാക്കിയ റിപ്പോർട്ട്....**

**(വോയ്സ്)**

&&&&&&&&&&&&&&&&&&

## ബ്രിട്ടിഷ് പ്രധാനമന്ത്രി

ബ്രിട്ടീഷ് പ്രധാനമന്ത്രി കീർ സ്റ്റാർമർ രാജിവച്ചു. പ്രധാനമന്ത്രി പദവിയും ലേബർ പാർട്ടി നേതൃത്വവും ഒഴിയുന്നതായി അദ്ദേഹം അറിയിച്ചു. സ്വന്തം പാർട്ടിയിൽ നിന്നുള്ള കടുത്ത സമ്മർദ്ദമാണ് രാജിക്ക് കാരണമെന്ന് കരുതുന്നു. പുതിയ നേതാവിനെ തിരഞ്ഞെടുക്കുന്നത് വരെ സ്റ്റാർമർ താൽക്കാലികമായി പദവിയിൽ തുടരും.

&&&&&&&&&&&&&&&&&&

## ഓഹരി + സ്വർണ്ണം

ഓഹരി വിപണിയിൽ നേട്ടം. സെൻസെക്സ് **291** പോയിന്റ് ഉയർന്നു **77,094** ലും നിഫ്റ്റി **89** പോയിന്റ് നേട്ടത്തിൽ **24,102** ലും വ്യാപാരം അവസാനിച്ചു. സ്വർണ്ണം ഗ്രാമിന് **40** രൂപ വർധിച്ചു **13,430** രൂപയും, പവന് ഒരു ലക്ഷത്തി **07,440** രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

## കണ്ണൂർ - കൊട്ടിയൂർ വൈശാഖോത്സവം (ഇൻട്രോ)

കൊട്ടിയൂർ വൈശാഖ മഹോത്സവം ബുധനാഴ്ച തൃക്കലശാട്ടോടെ സമാപിക്കും. അവസാനത്തെ ചതുശ്ശ:തമായ അത്തം ചതു:ശ്ശതം നാളെ നടക്കും . **കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ. ഓ. ശശിധരൻ ..... (വോയ്സ്)**

&&&&&&&&&&&&&&&&&&

## കീം പരീക്ഷാഫലം

RNU TVPM

കീം പരീക്ഷ ഫലപ്രഖ്യാപനം മാറ്റിവെച്ചു. സി.ബി.എസ്.ഇ പ്ലസ്- ടു പുനർ മൂല്യനിർണ്ണയ പരീക്ഷാ ഫലം വന്നതിനെ തുടർന്ന് മാർക്ക് വിവരങ്ങൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള തീയതി നീട്ടണമെന്നാവശ്യപ്പെട്ട് വിദ്യാർത്ഥികളും രക്ഷിതാക്കളും ആശങ്ക അറിയിച്ചതിൻറെ അടിസ്ഥാനത്തിലാണ് ഫല പ്രഖ്യാപനം മറ്റൊരു ദിവസത്തേക്ക് മാറ്റിയത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

RNU TVPM